പുതിയ മറുപടി

1/595835472023

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5124   14.03.2023 -ൽ മറുപടിയ്ക്ക്

## വി.എച്ച്.എസ്.ഇ. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | വി.ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) |
| എ വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പുതിയ നിയമനങ്ങൾ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ഏതാണെന്നും ഈ ഉത്തരവ് വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥാനക്കയറ്റം തടയുന്നതിന് കൂടി ഉദ്ദേശിച്ചിട്ടാണോ പുറപ്പെടുവിച്ചിരിക്കുന്നതെന്നും അറിയിക്കാമോ; | എ വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പൂർണമായും ദേശീയ തലത്തിലുള്ള NSQF കരിക്കുലം അനുസരിച്ചുള്ള പുതിയ കോഴ്സുകളിലേക്ക് മാറിയ സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ. യിൽ നിലവിലുണ്ടായിരുന്ന കോഴ്സുകൾ പഠിപ്പിച്ചുകൊണ്ടിരുന്ന സ്ഥിര നിയമനം ലഭിച്ചിട്ടുള്ള വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ പൂർണമായോ ഭാഗികമായോ പുതുക്കിയ ജോബ് റോളുകൾ നിഷ്കർഷിക്കുന്ന യോഗ്യതകളുമായി തുല്യത പുലർത്താത്ത സാഹചര്യത്തിലും പുതിയ NSQF കോഴ്സുകൾ പരമാവധി മൂന്ന് വർഷത്തിനുള്ളിൽ പുതുക്കപ്പെടുന്നതോ, നിർജ്ജീവമാക്കപ്പെടുന്നതോ ആയ സാഹചര്യത്തിലും മേൽ തസ്തികകളിലെ സ്ഥാനക്കയറ്റം ഉൾപ്പെടെയുള്ള എല്ലാത്തരം നിയമനങ്ങളും 14.06.2018-ലെ 155/എസ്.സി.3/2018/പൊ.വി.വ., 19.01.2019-ലെ എസ്.സി.2/287/2018/പൊ.വി.വ. കത്തുകൾ പ്രകാരം താല്ക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. കൂടാതെ, 28.10.2021-ലെ സ.ഉ(കൈ)നം.242/2021/പൊ.വി.വ ഉത്തരവിലൂടെ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ VHSE വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് സ്ഥിരനിയമന നടപടികളുമായി മുന്നോട്ട് പോകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥാനക്കയറ്റം തടയുന്നതിനുവേണ്ടിയല്ല മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.<br>NSQF തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും അത് അംഗീകരിക്കാൻ സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥവുമാണ്. തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ, NSQF പാഠ്യപദ്ധതിയിൽ സ്ഥിരമായ ജോബ്റോളുകൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | അതിനാൽതന്നെ ഓരോ അക്കാദമിക വർഷവും പുതിയ പുതിയ ജോബ്റോളുകൾ വരുന്നതിനാൽ അതിൽ സ്ഥിര അദ്ധ്യാപക/ഇൻസ്ട്രക്ടർ നിയമനം സാധ്യമല്ലാത്ത സ്ഥിതിയാണ്. |
| ബി | ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിഭാഗങ്ങൾ ഏകീകരിക്കുമ്പോൾ വി.എച്ച്.എസ്.ഇ.യിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി | ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി , ഹൈസ്കൂൾ വിഭാഗങ്ങൾ ഏകീകരിക്കുമ്പോൾ വി.എച്ച്.എസ്. ഇ-യിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഖാദർ കമ്മിറ്റി അന്തിമ റിപ്പോർട്ട് നടപ്പാക്കുമ്പോൾ മാത്രമേ ടി വിഷയത്തിൽ വ്യക്തതയുണ്ടാകൂ. |
| സി | ഓരോ വകുപ്പിലെ ജീവനക്കാരുടെ ക്ഷേമത്തിനും ക്രമീകരണത്തിനും വേണ്ടിയുള്ള സ്പെഷ്യൽ റൂൾ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രം മരവിപ്പിച്ച് നിർത്താൻ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സർക്കാരിന് സാധിക്കുമോ; എങ്കിൽ എത്ര കാലം വരെ ഇതിന് സാധുതയുണ്ട്; അറിയിക്കുമോ; | സി | എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സ്പെഷ്യൽ റൂളിനെ മറികടക്കാനാകില്ല. എന്നിരുന്നാലും സ്പെഷ്യൽ റൂളുകളുടെ ഭേദഗതി നിരവധി നടപടിക്രമങ്ങളിലൂടെ മാത്രമേ നടപ്പാക്കാനാകൂ എന്നതിനാൽ സർക്കാർ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. "എ" പിരിവിനുള്ള മറുപടിയിൽ വിവരിച്ച സാഹചര്യങ്ങളാലാണ് ഇത്തരത്തിൽ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കേണ്ടി വന്നത്. സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതുവരെ എക്സിക്യൂട്ടീവ് ഉത്തരവുകൾക്കു സാധുതയുണ്ട്. |
| ഡി | നിലവിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും വൊക്കേഷണൽ ടീച്ചർമാരെയും വി.എച്ച്.എസ്.ഇ.യിൽ നിന്നും മറ്റ് വകുപ്പിലേക്ക് മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് വകുപ്പിലേക്ക് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; | ഡി | നിലവിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും വൊക്കേഷൽ ടീച്ചർമാരെയും വി.എച്ച്.എസ്.ഇ-യിൽ നിന്നും മറ്റ് വകുപ്പിലേക്ക് മാറ്റുന്നത് ഇപ്പോൾ ആലോചനയിലില്ല. |
| ഇ | നിലവിൽ വി.എച്ച്.എസ്.ഇ. വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് വി.എച്ച്.എസ്.ഇ.യിലെ മറ്റൊരു അദ്ധ്യാപക വിഭാഗമായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് ഉണ്ടായിരുന്ന ഇരുപത് ശതമാനം പ്രൊമോഷൻ സാധ്യത പ്രസ്തുത തസ്തിക ഇല്ലാതാവുന്നതോടെ നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പിൽ ഖാദർ കമ്മീഷൻ പുതുതായി ശിപാർശ ചെയ്തിരിക്കുന്ന പഞ്ചായത്ത് എഡ്യൂക്കേഷൻ | ഇ | NSQF തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും അത് അംഗീകരിക്കാൻ സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥവുമാണ്. തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ, NSQF പാഠ്യപദ്ധതിയിൽ സ്ഥിരമായ ജോബ്റോളുകൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. അതിനാൽതന്നെ ഓരോ അക്കാദമിക വർഷവും പുതിയ പുതിയ ജോബ്റോളുകൾ വരുന്നതിനാൽ അതിൽ സ്ഥിര അദ്ധ്യാപക നിയമനം സാധ്യമല്ലാത്ത സ്ഥിതിയാണ്. വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പിൽ NSQF നിലവിൽ |

ഓഫീസർ തസ്തികയുടെ നിശ്ചിത ശതമാനം, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് വേണ്ടി മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വരുന്നതിന്റെ ഭാഗമായാണ് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ VHSE വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക് നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് സ്ഥിരനിയമന നടപടികളുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്. ഖാദർ കമ്മിറ്റി അന്തിമ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് സെക്കന്ററി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങൾ ഏകീകരിച്ച് സ്പെഷ്യൽ റൂൾ തയ്യാറാകുന്ന മുറയ്ക്ക് മാത്രമേ പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയുടെ നിശ്ചിത ശതമാനം വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് വേണ്ടി മാറ്റിവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ